(ബി) ഈ കേസുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റുചെയ്യുകയും ചോദ്യം ചെയ്യുകയും ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) കേസ് അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരെല്ലാം ഹർജികൾ സമർപ്പിച്ചുവെന്നും അതിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ഡി) ഈ കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുമോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) മുരളീധരന്റെ മരണവുമായി ബന്ധപ്പെട്ട് ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം 593/03 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നതാണ്. നാളിതുവരെയുള്ള അന്വേഷണത്തിൽ മരണത്തിൽ ദുരൂഹതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേസ്സുമായി ബന്ധപ്പെട്ട് ആരെയും അറസ്റ്റ് ചെയ്തിട്ടില്ലാത്തതും നാളിതുവരെയായി 65 പേരെ കണ്ടു ചോദ്യം ചെയ്തിട്ടുള്ളതുമാകുന്നു.

(സി & ഡി) കേസ് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച പരാതി ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടിന് ആവശ്യമായ നടപടിക്കായി അയച്ചുകൊടുത്തിട്ടുണ്ട്. കൂടുതൽ വിവരം ശേഖരിച്ചു നല്കുന്നതാണ്.

നിസ്സാറിന്റെ ദുരൂഹ മരണത്തെക്കുറിച്ചുള്ള അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കാൻ നടപടി

73 [1548] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി പോലീസ് സ്റ്റേഷനതിർത്തിയിലെ ചാവിടിയിൽ നിസ്സാറിന്റെ ദുരൂഹ മരണത്തെക്കുറിച്ചന്വേഷണം നടത്തിയ ലോക്കൽ പോലീസ് നടപടി തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത കേസ് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച സർവ്വകക്ഷി ആക്ഷൻ കമ്മിറ്റിയുടെ ഹർജി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) കേസന്വേഷണത്തിൽ ലോക്കൽ പോലീസിന്റെ നടപടികളിൽ എന്തെങ്കിലും അപാകതയുണ്ടോ എന്നന്വേഷിക്കാൻ വേണ്ടി ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്.

തേൻതൊടി മീത്തൽ ഗോപാലൻ നായർ വിശാഖപട്ടണത്ത് കടലിൽ വീണ് മരിച്ച സംഭവം

74 [1549] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് കീഴരിയൂർ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി തേൻതൊടി മീത്തൽ ഗോപാലൻ നായർ വിശാഖപട്ടണത്തു വച്ച് കടലിൽ വീണ് മരിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഈ വ്യക്തിയുടെ കുടുംബത്തിന് നഷ്ടപരിഹാരം സർക്കാരിൽനിന്നും നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശാഖപട്ടണത്തുവച്ച് 2001 ജൂൺ 6-ാം തീയതി രാത്രി ഗോപാലൻ നായർ എന്ന മത്സ്യത്തൊഴിലാളി ഉൾനാടൻ മത്സ്യബന്ധന ബോട്ടിൽ നിന്ന് വീണു മരിച്ചു എന്നും ശവശരീരം കണ്ടുകിട്ടിയില്ല എന്നും അറിയുവാൻ കഴിഞ്ഞു.

(സി) ഇല്ല.

പാലക്കാട് ഡി വൈ. എസ്. പി., എം. ഡി. ബേബിയുടെ പേരിലുള്ള പരാതി

75 [1550] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഡി വൈ. എസ്. പി.-യായ എം. ഡി. ബേബിയുടെ പേരിൽ എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly